# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 12/ 02/ 2018

# സ്ത്രീകളെ മൊബൈൽ ഫോണിലൂടെ ശല്യം ചെയ്യുന്ന ആൾ പിടിയിൽ.



രാജേന്ദ്രൻ (42)

കൊല്ലം : രാത്രികാലങ്ങളിൽ കളഞ്ഞുകിട്ടിയ സിം കാർഡ് ഉപയോഗിച്ച് കഴിഞ്ഞ നാലു വർഷമായി സ്ത്രീകൾ ഉൾപ്പെടെ മുന്നൂറോളം പേരെ ശല്യം ചെയ്തു വരുന്ന വിരുതനെ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ: ശ്രീനിവാസ് ഐ പി എസിന്റെ നേതൃത്വത്തിലുള്ള ഷാഡോ പോലീസ് സംഘം സൈബർ സെല്ലിന്റെ സഹായത്തോടെ അറസ്റ്റ് ചെയ്തു. കൊല്ലം കരുനാഗപ്പള്ളി, കുലശേഖരപുരം, കണ്ണൻപള്ളിതെക്കേതറ വീട്ടിൽ ചന്ദ്രന്റെ മകൻ രാജേന്ദ്രൻ (42) ആണ് പോലീസ് പിടിയിലായത്.

മൊബൈൽ സിം കാർഡിന്റെ വിലാസം മറ്റൊന്നായതിനാലും, ഒരു പ്രത്യേക സ്ഥലത്ത് ഒരു പ്രത്യേക സമയത്ത് മാത്രം ഉപയോഗിക്കുന്നതിനാലും, ഈ ഫോണിൽ നിന്നും വിളിച്ചിട്ടുള്ള ആളുകൾ ശല്യം ചെയ്തവർ മാത്രമായതിനാലും തുടക്കത്തിൽ ഇയാളെ കുറിച്ച് പോലീസിന് യാതൊരു തുമ്പും ലഭിച്ചിരുന്നില്ല. ഇതിനെ തുടർന്ന് നടത്തിയ ശാസ്ത്രീയമായ അന്വേഷണത്തിനൊടുവിലാണ് ഇയാളെ പോലീസ് വലയിലാക്കിയത്. ഇയാളുടെ പക്കൽ നിന്നും ശല്യം ചെയ്യാനുപയോഗിച്ച സിം കാർഡും ഫോണുകളും പോലീസ് കണ്ടെടുത്തിട്ടുണ്ട്. രാത്രി കാലങ്ങളിലും അതിരാവിലെയും ഏതെങ്കിലും നമ്പരുകളിലേക്ക് വെറുതെ ഡയൽ ചെയ്യുന്ന ഇയാള് മറ്റേ തലക്കൽ സ്ത്രീകളാണങ്കിൽ മോശമായ ഭാഷയിൽ സംസാരിക്കുകയും പ്രതികരിക്കുന്നവർക്കെതിരെ അസഭ്യ വർഷം നടത്തുന്നതുമാണ് ഇയാളുടെ രീതി. ഇയാളെ കുറിച്ച് കൂടുതൽ പരതികളുണ്ടോ എന്നാ കാര്യം പോലീസ് പരിശോധിച്ച് വരികയാണ്.

കൊല്ലം സ്പെഷ്യൽ ബ്രാഞ്ച് എ സി പി ഷിഹാബുദ്ദീൻ, കൊല്ലം എ സി പി ജോർജ് കോശി, ഷാഡോ എസ് ഐ വിപിൻ കുമാർ, കിളികൊല്ലൂർ എസ് ഐ വിനോദ് ചന്ദ്രൻ സൈബര് സെൽ, ഷാഡോ പോലീസ് ടീം എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത് .

. .